നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 2368

11/10/2011 ൽ
മറുപടിക്ക്

# ടീച്ചേഴ്സ് ബാങ്കിൽ നിന്ന് നിയമനം

**ചോദ്യം**

ശ്രീ. വി.എസ്.സുനിൽകുമാർ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) 1997 ന് ശേഷം തൊഴിൽ നഷ്ടപ്പെട്ട അദ്ധ്യാപകരേയും സംരക്ഷിത അദ്ധ്യാപകരേയും ഉൾപ്പെടുത്തി ടീച്ചേഴ്സ് ബാങ്ക് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(എ) ഈ രണ്ട് വിഭാഗങ്ങളും ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുന്നതാണ്. 1/10/2011 മുതൽ ടീച്ചേഴ്സ് ബാങ്ക് നിലവിൽ വന്നിട്ടുണ്ട്.

(ബി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:45 ൽ നിന്നും 1:30 ആയി കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്കൂളുകളിൽ വിദ്യാർത്ഥി അദ്ധ്യാപക അനുപാതം ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസുവരെ 30:1 ആയും, 5 മുതൽ 10 വരെ 35:1 ആയും പുനർ നിർണ്ണയിച്ചുകൊണ്ടുള്ള ഒരു അധ്യാപക പാക്കേജ് അംഗീകരിച്ച് 1/10/2011-ലെ ജി.ഒ.(പി) 199/11/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുകയാണെങ്കിൽ തത്ഫലമായി സൃഷ്ടിക്കപ്പെടുന്ന തസ്തികകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നത് മൂലം ഉണ്ടാകുന്ന തസ്തികകളിൽ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത അദ്ധ്യാപകരേയും, ക്ലൈമെന്റിനേയും നിയമിക്കണമെന്ന് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ